## ഉത്തരം

(എ)

1. ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നവർ ഹെൽമറ്റ് ധരിച്ചിരിക്കണം, സാരീ ഗാർഡ് ഘടിപ്പിക്കണം.

2. ഇരുചക്രവാഹനം, മുച്ചക്ര വാഹനം എന്നിവ ഒഴികെയുള്ള വാഹനങ്ങളിൽ ഡ്രൈവറും മുൻസീറ്റിൽ യാത്ര ചെയ്യുന്ന വ്യക്തിയും സീറ്റ് ബെൽറ്റ് ധരിച്ചിരിക്കണം.

3. എം.1 കാറ്റഗറി വാഹനങ്ങളിൽ മേൽ പറഞ്ഞത് കൂടാതെ മുന്നോട്ട് അഭിമുഖമായുള്ള പുറകിലെ സീറ്റിൽ യാത്ര ചെയ്യുന്നവർ സീറ്റ് ബെൽറ്റ് ധരിച്ചിരിക്കണം. ഈ വ്യവസ്ഥ സംസ്ഥാനത്ത് നിർബന്ധമാക്കിയിട്ടില്ല.

4. അനുവദനീയമായ വേഗതയിൽ മാത്രമേ ഡ്രൈവർമാർ വാഹനം ഓടിക്കുവാൻ പാടുള്ളൂ.

5. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി അനുവദനീയമായതിൽ കൂടുതൽ യാത്രക്കാരുമായി ഡ്രൈവർ വാഹനം ഓടിക്കുവാൻ പാടുള്ളതല്ല.

6. കൈയും തലയും വാഹനത്തിന് വെളിയിൽ ഇടരുത്.

7. വാഹനമോടുമ്പോൾ ബലമായി പിടിച്ചിരിക്കണം.

8. ഡ്രൈവ് ചെയ്യുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കരുത്.

(ബി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 125(1എ) പ്രകാരം എം1 കാറ്റഗറി വാഹനങ്ങളിൽ മുന്നോട്ട് അഭിമുഖമായിരിക്കുന്ന പിൻസീറ്റ് യാത്രക്കാർക്ക് സീറ്റ് ബെൽറ്റ് നിർബന്ധമാണ്. ടാക്സി വാഹനങ്ങൾ ഉൾപ്പെടെയുള്ള എം1 കാറ്റഗറി യാത്രാ വാഹനങ്ങൾക്ക് ഇത് ബാധകമാണ്. എന്നാൽ ഈ വ്യവസ്ഥ സംസ്ഥാനത്ത് നിർബന്ധമാക്കിയിട്ടില്ല.

(സി) ഉണ്ട്. 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

### ടാക്സികൾക്ക് പ്രീപെർമിറ്റ്, പ്രീടാക്സ് എന്നിവയ്ക്കുള്ള അപേക്ഷ

311 (5242) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര കേരളാ പെർമിറ്റ് ടാക്സി (മോട്ടോർകാബ്)കൾക്ക് തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലൂടെ പ്രീപെർമിറ്റും പ്രീടാക്സും അനുവദിച്ചുനൽകി എന്നു വ്യക്തമാക്കുമോ ; ഇപ്പോഴും ആയതു തുടരുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ. എൽ.-05-കെ-9644 എന്ന മോട്ടോർ കാബിന് രണ്ടുവർഷത്തിനുമുമ്പ് തമിഴ്നാട് സംസ്ഥാനത്തേക്കുള്ള ഫ്രീടാക്സ്, ഫ്രീപെർമിറ്റ് എന്നിവയ്ക്കായി സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ അപേക്ഷിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയതു ലഭിക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ;

(സി) ഇതരസംസ്ഥാനങ്ങളിലേക്ക് പോകുന്നതിന് ടാക്സികൾക്ക് ഫ്രീപെർമിറ്റും ഫ്രീടാക്സും അനുവദിക്കുന്നതിൽ സീനിയോറിറ്റി പാലിക്കാത്തതു സംബന്ധിച്ചുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മൂന്ന് കേരള പെർമിറ്റ് ടാക്സി (മോട്ടോർ ക്യാബ്)കൾക്ക് തമിഴ്നാട് സംസ്ഥാനത്തുകൂടി ഫ്രീ പെർമിറ്റും ഫ്രീ ടാക്സും അനുവദിച്ചുനൽകിയിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്തിലേക്ക് ഒന്നുംതന്നെ അനുവദിച്ചിട്ടില്ല. നിലവിൽ വേക്കൻസി ഇല്ലാത്തതിനാൽ മേൽസംസ്ഥാനങ്ങളിലേക്ക് ഇപ്പോൾ ഫ്രീ പെർമിറ്റും ഫ്രീ ടാക്സും അനുവദിച്ചു നൽകുന്നില്ല.

(ബി) കെ.എൽ. 05-കെ-9644 മോട്ടോർ ക്യാബിന് തമിഴ്നാട് സംസ്ഥാനത്തേക്കുള്ള ഫ്രീടാക്സ്, ഫ്രീ പെർമിറ്റ് എന്നിവയ്ക്കുള്ള അപേക്ഷ 13-3-2013-ൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ ലഭിച്ചിരുന്നു. എന്നാൽ വേക്കൻസി നിലവിലില്ലാത്തതിനാൽ അപേക്ഷ പരിഗണിക്കാൻ സാധിച്ചിരുന്നില്ല. പ്രസ്തുത അപേക്ഷ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വേക്കൻസി വരുന്ന മുറയ്ക്ക് അപേക്ഷ പരിഗണിക്കുന്നതാണ്.

(സി) പരാതികൾ ലഭിച്ചിട്ടില്ല.

ഓട്ടോറിക്ഷ-ടാക്സി നിരക്കുകൾ പുതുക്കൽ

312 (5243) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓട്ടോറിക്ഷ-ടാക്സി യാത്രാ നിരക്ക് പുതുക്കി നിശ്ചയിക്കണമെന്ന ട്രേഡ് യൂണിയനുകളുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ജസ്റ്റീസ് രാമചന്ദ്രൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly